**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1759** **29-07-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയിൽ സി.&എ.ജി. യുടെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പോലുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളിലെ ധനകാര്യ മാനേജ്മെന്റും പദ്ധതികളിലെ സുതാര്യതയും മെച്ചപ്പെടുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | വ്യത്യസ്തവും വളരെ സങ്കീർണ്ണവുമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്ന ഒരു ധനകാര്യ സ്ഥാപനമായാതു കൊണ്ടുതന്നെ ലോകോത്തര നിലവാരത്തിലുള്ള സംവിധാനങ്ങളും പരിശോധന രീതികളും കിഫ്ബി അവലംബിച്ചിട്ടുണ്ട്. ആഗോളതലത്തിൽ നിക്ഷേപകർ നിരീക്ഷിക്കുന്ന ഒരു സ്ഥാപനമായതിനാൽ ഈ സംവിധാനങ്ങളെല്ലാം കിഫ്ബിയിൽ അത്യന്താപേക്ഷിതമാണ്. വിവിധ തലത്തിൽ കാര്യക്ഷമത ഉറപ്പാക്കുന്നതിന് താഴെ പറയുന്ന സംവിധാനങ്ങൾ കിഫ്ബിയിൽ നിലവിലുണ്ട്. (i)അക്കൌണ്ടിംഗിലെ കാര്യക്ഷമത:- ഉറപ്പുവരുത്തുന്നതിനായി സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, ഇന്റേണൽ ഓഡിറ്റ്, പീർ റിവ്യൂ ഓഡിറ്റ്, സി&എ.ജി ഓഡിറ്റ് എന്നിങ്ങനെ വിവിധ തലത്തിലുള്ള ഓഡിറ്റിങ് സംവിധാനങ്ങൾ കിഫ്ബിയിൽ നിലവിലുണ്ട്. (ii) പദ്ധതികളുടെ നിർവ്വഹണം:- പദ്ധതികളുടെ നിർവ്വഹണത്തിലുള്ള ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനായി നവീന സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിയുള്ള സാങ്കേതിക പരിശോധനകളും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട SPVകൾക്ക് പരിശീലന പരിപാടികളും കിഫ്ബി നടത്തി വരുന്നു. കൂടാതെ ആവശ്യമായ ഘട്ടങ്ങളിൽ വിദഗ്ദ്ധ അഭിപ്രായങ്ങൾ നൽകുന്നതിനും കിഫ്ബി ശ്രദ്ധ ചെലുത്തുന്നുണ്ട്. (iii) സുതാര്യത:- കോൺട്രാക്ടർമാർക്ക് ബില്ലിന്റെ തത്സമയ സ്ഥിതി അറിയുന്നതിനുള്ള ഓൺലൈൻ സംവിധാനം, പരാതികൾ സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം, വിസിൽ ബ്ലോവർ പോളിസി എന്നിങ്ങനെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്ന നിരവധി സംവിധാനങ്ങൾ കിഫ്ബിയിൽ നിലവിലുണ്ട്. ഇതോടൊപ്പം മറ്റു ഏജൻസികളിൽ നിന്ന് |

| | | | |
|---|---|---|---|
| | | | വ്യത്യസ്തമായി കിഫ്ബി പണം നേരിട്ട് കോൺട്രാക്ടർമാരുടെ അക്കൗണ്ടിലേക്ക് നൽകുന്നു. ഈ സംവിധാനങ്ങളെല്ലാം കാലാനുസൃതമായി പുതുക്കുന്നതിനും കിഫ്ബി ശ്രദ്ധ ചെലുത്തുന്നുണ്ട്. |
| (ബി) | ഒരു വർഷം കിഫ്ബി ചെലവഴിക്കുന്ന പണത്തിന്റെ 75 ശതമാനത്തിലധികം സർക്കാർ സഞ്ചിതനിധിയിൽ നിന്നും നൽകാത്ത പക്ഷം ഡി.പി.സി. നിയമത്തിലെ വകുപ്പ് 14(1) പ്രകാരം കിഫ്ബിയിൽ സി.&എ.ജി. ഓഡിറ്റ് നടത്താൻ കഴിയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ കിഫ്ബിയിലെ സി.&എ.ജി ഓഡിറ്റ് ഡി.പി.സി. നിയമത്തിലെ വകുപ്പ് 14(1) പരിധിയിലാണ്. ഇതിൻപ്രകാരം കിഫ്ബിയിൽ 2020 ജൂൺ 30 വരെയുള്ള ഓഡിറ്റ് സി.&എ.ജി. പൂർത്തിയാക്കിയിട്ടുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ കിഫ്ബിയിലെ സി.എ.ജി ഓഡിറ്റ് DPC ആക്റ്റിലെ സെക്ഷൻ 14 (1) ന്റെ പരിധിക്കു പുറത്തുപോകുന്ന പക്ഷം DPC സെക്ഷൻ 14 (2) പ്രകാരമുള്ള സമ്പൂർണ്ണ ഓഡിറ്റിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഇത് സി&എ.ജിയേയും ബഹു.നിയമസഭയേയും സർക്കാർ ഇതിനോടകം അറിയിച്ചിട്ടുള്ളതാണ്. |
| (സി) | ഇപ്രകാരം കൂടുതൽ പണം ചെലവഴിക്കുമ്പോൾ കിഫ്ബി സി.&എ.ജി. യുടെ ഓഡിറ്റ് പരിധിയിൽ നിന്നും പുറത്തു പോകുന്നത് വലിയ ക്രമക്കേടുകൾക്കും സുതാര്യതയില്ലായ്മക്കും കാരണമാകുമെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ഏതെങ്കിലും സാഹചര്യത്തിൽ കിഫ്ബിയിലെ സി.എ.ജി ഓഡിറ്റ് DPC ആക്റ്റിലെ സെക്ഷൻ 14 (1) ന്റെ പരിധിക്കു പുറത്തുപോകുന്ന പക്ഷം DPC സെക്ഷൻ 14 (2) പ്രകാരമുള്ള സമ്പൂർണ്ണ ഓഡിറ്റിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിനാൽ ഇത് സംബന്ധിച്ച ആശങ്കകൾക്ക് പ്രസക്തിയില്ല. കൂടാതെ കിഫ്ബിയിൽ നിലനിൽക്കുന്ന എല്ലാ സംവിധാനങ്ങളും പൊതുജനത്തിനോടും നിക്ഷേപകരോടും അതിനുള്ള ഉത്തരവാദിത്വം കണക്കിലെടുത്ത് മികച്ച സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായുള്ളതാണ്. ഇത്തരത്തിൽ ഓഡിറ്റിങ്ങിനും സാങ്കേതിക പരിശോധനകൾക്കും ലോകോത്തര നിലവാരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സ്ഥാപനമാണ് എന്നുള്ളതിനാൽ സുതാര്യത സംബന്ധിച്ച ആശങ്കകൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ